## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.501 — 11.06.2013 ൽ മറുപടിയ്ക്ക്

### കരമനയാറ്റിലെ മാലിന്യം സംബന്ധിച്ച അന്വേഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ശിവൻകുട്ടി | | സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി) | |
| (എ) | നേമം നിയോജകമണ്ഡലത്തിലെ തിരുവല്ലം പരശുരാമ ക്ഷേത്രത്തിനു സമീപത്തു കൂടി ഒഴുകുന്ന കരമനയാറ്റിൽ 2013 ഏപ്രിൽ മാസത്തിൽ, മാലിന്യങ്ങൾ അടിഞ്ഞു കൂടിയത് കാരണം, പതിനായിരക്കണക്കിനു മത്സ്യങ്ങൾ ചത്തു പൊങ്ങിയത് സംസ്ഥാന മലിനീകരണ നിയന്ത്രണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ആയതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | തിരുവനന്തപുരം നഗരത്തിലെ സ്വീവേജ് മാലിന്യങ്ങൾ മുഴുവൻ ഇപ്പോൾ മുട്ടത്തറയിൽ, പാർവ്വതീ പുത്തനാറിൽ എത്തിച്ചേരുന്നുണ്ട്. പാർവ്വതീ പുത്തനാർ തിരുവല്ലത്തു വച്ച് കരമനയാറ്റിൽ ചേരുന്നു. തന്മൂലം ഈ ഭാഗത്ത് കരമനയാർ വളരെയധികം മലിനപ്പെട്ടിട്ടുണ്ട്. 2013 ഏപ്രിൽ മാസത്തിൽ മഴ പെയ്ത വേളയിൽ, അടിഞ്ഞു കൂടിയിരുന്ന മാലിന്യങ്ങൾ ഇളകി ജലത്തിൽ പ്രാണവായു കുറഞ്ഞ് പോയതിനാലാണ് മത്സ്യങ്ങൾ ചത്തു പൊങ്ങിയത്. അത്യധികം മലിനപ്പെട്ട ഈ ഭാഗങ്ങളിൽ ഇപ്രകാരം സംഭവിക്കാറുണ്ട്. പാർവ്വതീ പുത്തനാർ ശുചീകരിക്കുന്നതിന് സർക്കാർ അടിയന്തിര നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ